# ജി യു പി എസ് പനംകുറ്റിച്ചിറ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം



തൃശ്ശൂർ ജില്ലയിൽ ഒല്ലൂരിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്കൂളാണ് ജി യു പി എസ് പനംകുറ്റിച്ചിറ.വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം മെച്ചപ്പെടുത്തി മികച്ച പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളിലൂടെ നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി അന്തർദേശീയ നിലവാരത്തിലെത്തിച്ച് രക്ഷിതാക്കളെയും കുട്ടികളെയും നമ്മുടെ വിദ്യാലയത്തിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈപദ്ധതി തയ്യാറാക്കുന്നത്.

കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവും ഉന്നമനത്തിന് സഹായിക്കുന്ന സാഹചര്യങ്ങൾ ഒരുക്കി ഓരോ കുട്ടികളുടെയും കഴിവുകൾ കണ്ടെത്തി ഏറ്റവും മികച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി തൃശ്ശൂർ കോർപ്പറേഷനിലെ മികച്ച വിദ്യാഭ്യാസ കേന്ദ്രമാക്കി നമ്മുടെ വിദ്യാലയത്തെ ഉണർത്തുക എന്നതാണ് ലക്ഷ്യം.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി യു പി എസ് പനംകുറ്റിച്ചിറ |
| വിലാസം | : | ഒല്ലൂർ ,പി ഓ ഒല്ലൂർ<br>680306 |
| സ്കൂൾ കോഡ് | : | 22261 |
| വിദ്യാഭ്യാസ ഉപജില്ല | : | ചേർപ്പ് |
| യു ആർ സി | : | അരണാട്ടുകര |
| കോർപ്പറേഷൻ | : | തൃശ്ശൂർ |
| ഈമെയിൽ | : | hm Panamkuttichira @gmail.com |

# അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് മുന്നോട്ടുവെക്കുന്നത്. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരുകുട്ടിക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കും. കുട്ടികളുടെ സർവ്വതോന്മുഖമായകഴിവുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തന പദ്ധതികളാണ് നാം വിഭാവനം ചെയ്യുന്നത്.

## പൊതുലക്ഷ്യങ്ങൾ:

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

* കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ പൗരന്മാരാക്കുക.

* മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയ ഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.

* കുട്ടികളെ മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കുക.

* ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പുവരുത്തുക.

* ആധുനിക കാലഘട്ടത്തിൽ ജീവിക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളെയും അറിവ് .

* മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കുക.

* അഞ്ച്, ആറ്, ഏഴാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഹിന്ദി ഭാഷ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക

* കുട്ടികളിൽ പാരിസ്ഥിതിക അവബോധം സാമൂഹിക അവബോധം എന്നിവ ഉണ്ടാക്കിയെടുക്കുക.

# എൽ .പി

# അക്കാദമിക മാസ്റ്റർപ്ലാൻ

## മലയാളം

| ക്രമനമ്പർ | മാസം | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവഹണകാലം /ചുമതല |
|---|---|---|---|---|
| 1 | ജൂൺ | ബുക്ക് സ്റ്റാൾ സന്ദർശനം, പുസ്തക പരിചയം, ക്ലാസ് ലൈബ്രറി, വീട്ടിൽ ലൈബ്രറി അക്ഷരപ്പൂ മരം. | രക്ഷിതാക്കൾ കുട്ടികളോടൊപ്പം ബുക്ക്സ്റ്റാൾ സന്ദർശിച്ച് വാങ്ങിയ പുസ്തകം കുട്ടികൾ പരിചയപ്പെടുത്തുന്നു. പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി തരംതിരിക്കുന്നു.ഉചിതമായ വായന കാർഡുകൾ വായിക്കാൻപരിശീലനം നൽകുന്നു.അക്ഷരമാല എഴുതിയ ഇതളുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും തിരിച്ചറിയുന്നു. സ്വരചിഹ്നങ്ങൾ ഓരോ ദിവസവും ഓരോന്നായി പരിചയപ്പെടുത്തുന്നു | ജൂൺ/ക്ലാസ് അധ്യാപകർ |
| 2 | ജൂലൈ | വായന, രചന പരിചയക്കുറിപ്പ് | ഒന്നാം ക്ലാസുകാർ പരിചിതമായ അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് | ജൂൺ മുതൽ മാർച്ച് |

| | | | | |
|---|---|---|---|---|
| | | | വാക്കുകൾ നിർമിക്കുന്നു.രണ്ട് മൂന്ന് നാല് ക്ലാസ്സുകാർ വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.അഭിനയിക്കുന്നു. കഥാപാത്രങ്ങളെ ചിത്രീകരിക്കുന്നു | വരെ/ക്ലാസ് അധ്യാപകർ |
| 3 | ആഗസ്റ്റ്, സെപ്റ്റംബർ | റോൾപ്ലേ | വായിച്ച കഥയിലെ സന്ദർഭങ്ങൾക്ക് അനുയോജ്യമായ സംഭാഷണങ്ങൾ തയ്യാറാക്കുന്നു. ഗ്രൂപ്പായി റോൾപ്ലേ അവതരിപ്പിക്കുന്നു. ക്ലാസ് തലത്തി ലും അസംബ്ലിയിൽ അവതരിപ്പിക്കുന്നു | ക്ലാസ് അധ്യാപകർ |
| 4 | ഒക്ടോബർ | യാത്രാവിവരണം കുറിപ്പ് തയ്യാറാക്കൽ | കുട്ടികൾ കണ്ട കാഴ്ചകളെ കുറിച്ച് വിവരണം തയ്യാറാക്കുന്നു<br>കുട്ടികൾ പോയ യാത്രകളെ കുറിച്ച് യാത്രാവിവരണം തയ്യാറാക്കുന്നു | ക്ലാസ് അധ്യാപകർ |
| 5 | നവംബർ | സർഗാത്മക ഡയറി | കുട്ടികൾ ഓരോ ദിവസവുംകണ്ട കാര്യങ്ങളെക്കുറിച്ച് സർഗാത്മക ഡയറി എഴുതുന്നു | ക്ലാസ് അധ്യാപകർ |
| 6 | ഡിസംബ | ലേഖനം, കഥാ രചന | സർഗാത്മക ഡയറിയിലെ ആശയങ്ങൾ | ഡിസംബർ /ക്ലാസ് |

| | | | | |
|---|---|---|---|---|
| | ർ | | ഉൾക്കൊണ്ടുകൊണ്ട് പുതിയ സന്ദർഭങ്ങളിലെയും ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ചെറു കഥകൾ എഴുതുന്നു. | അധ്യാപകർ |
| 7 | ജനുവരി | കവിതാ പൂരണം, കവിതാരചന | വരികൾ കൂട്ടിച്ചേർത്ത് കവിത പൂർത്തീകരിക്കുന്നു. തലക്കെട്ട് നൽകുന്നു. സർഗാത്മക ഡയറിയെ അടിസ്ഥാനമാക്കി സ്വന്തമായി കവിതകൾ എഴുതുന്നു | ജനുവരി/ ക്ലാസ് അധ്യാപകർ |
| 8 | ഫെബ്രുവരി | നാടകം | പാഠപുസ്തകത്തിലെ കഥകൾ വായിച്ച് സ്വന്തമായി സംഭാഷണം എഴുതി,നാടകം,സ്കിറ്റ് എന്നീ രൂപങ്ങളിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി /ക്ലാസ് അധ്യാപകർ |
| 9 | മാർച്ച് | പഠനോത്സവം | ക്ലാസ് തല മികച്ച പ്രവർത്തനങ്ങൾ ക്ലാസ്സിലും, അസംബ്ലിയിലും, ബാലസഭയിലും അവതരിപ്പിക്കുന്നു. | മാർച്ച്/ക്ലാസ് അധ്യാപകർ |

# ENGLISH

| No. | Month | Aim | Activity in Detail | Remark/ Charge |
| --- | --- | --- | --- | --- |
| 1 | June and July | *To speak, read and write English without any mistakes.<br>*To check the vocabulary and writing skills of pupils | . Pre test<br>. Gave the worksheets to develop listening skills and reading skill<br>. Games. Action songs<br>. Hello English Activities<br>. Conversations<br>. Skit storis.<br>. Use ICT to show short stories<br>. Identify the naming words from the picture<br>. Identify the action words from the picture<br>.Make the simple sentences about the pictuee.<br>. Make simple description about the picture.<br>. Growing sentences<br>. Picture reading<br>. Self introductons | Class teacher /Activities to bepresented in the assembly, Balasabha and at the time of day celebrationsr |
| 2 | August and September | Develop the creative speaking and writing | To improve the reading skills<br>. Book reading<br>. Find words<br>. Collect and read past tense<br>. Rhyming words<br>. TB activities<br>To improve writing skills<br>. Make word web<br>. Picture description<br>. Word chain<br>. Make words and sentences<br>. Make riddles, conversation<br>. Add more lines | |
| 3 | October and November | To express thoughts, feelings | To improve reading skills<br>. Libary books reading<br>. Conversations, short stories<br>Use ICT | |

| | | | | |
|---|---|---|---|---|
| | | | . Read notice, Newspaper<br>. Develop story<br>. To improve writing skills.<br>Description<br>. Thoughts | |
| 4 | December and January | To develop the creative speaking and writing | To improve reading skills<br>. Libary books reading<br>. Conversations, skit stories<br>. Develop story<br>. Read diary<br>. To improve writing skills<br>. Diary writing<br>. Announcement<br>. Description | |
| 5 | February and March | To improve the presentation power | To improve reading skills<br>. Library books reading<br>. Conversations, skit, short stories<br>. Develop story<br>. To improve writing skills<br>. Diary, Description, conduct english fest,<br>Thoughts,exhibition | |

# ഗണിതം

| ക്രമ നമ്പർ | മാസം | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം /ചുമതല |
|---|---|---|---|---|
| 1 | ജൂൺ | കാർഡുകളി | കുട്ടികൾക്ക് ഒരു സെറ്റ് സംഖ്യ കാർഡുകൾനൽകുന്നു.അധ്യാപികയുടെ നിർദ്ദേശമനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ സംഖ്യകൾ ക്രമീകരിക്കുന്നു. ആരോഹണ ക്രമം, അവരോഹണ ക്രമം, രണ്ടക്ക സംഖ്യകൾ, ഒരക്ക സംഖ്യകൾ, അഞ്ചിന്റെ കൂട്ടങ്ങൾ, പത്തിന്റെ കൂട്ടങ്ങൾ എന്നീ സംഖ്യ കാർഡുകൾ ഉപയോഗിച്ച് കളി തുടരുന്നു | 1/ക്ലാസ്സധ്യാപകർ |
| 2 | ജൂലൈ | മഞ്ചാടി പെറുക്കാം | കുട്ടികൾക്ക് രണ്ടു പാത്രത്തിൽ മഞ്ചാടി നൽകുന്നു. അധ്യാപികയുടെ നിർദ്ദേശമനുസരിച്ച് കുട്ടികൾ രണ്ടു പാത്രത്തിൽ നിന്നും മഞ്ചാടി എടുക്കുന്നു. അവ എണ്ണി തിട്ടപ്പെടുത്തുന്നു. കളിയുടെ അവസാന ഘട്ടത്തിൽ ആർക്കാണ് കൂടുതൽ പോയിന്റ് കിട്ടിയതെന്ന് കുട്ടികൾ കണ്ടെത്തുന്നു. കൂടുതൽ കിട്ടിയവരെ വിജയിയായി തിരഞ്ഞെടുക്കുന്നു. ഇതുപോലെ കാർഡുകൾ വച്ചും  കളി തുടരുന്നു. | 1/ക്ലാസ്സധ്യാപകർ |
| 3 | ജൂലൈ | ഗണിത പസിൽ | കുട്ടികൾക്ക് കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തുന്നു | ആഴ്ചയിൽ ഒന്ന്/ക്ലാസ്സധ്യാപകർ |
| 4 | ജൂലൈ | ഗണിത ചുവർ ഒരുക്കാം | കുട്ടികൾ അവർക്ക് ആവശ്യമായ വസ്തുക്കൾ കൊണ്ടു  ഗണിത കിറ്റ് തയ്യാറാക്കുന്നു. ഗണിതച്ചുവർ ക്ലാസ്സിൽ ഒരുക്കുന്നു | 1/ക്ലാസ്സധ്യാപകർ |

| | | | | |
|---|---|---|---|---|
| | ആഗസ്റ്റ് | സ്ലൈഡറിൽ കയറാം | രു സെറ്റ് സംഖ്യ കാർഡുകൾ വയ്ക്കുന്നു. കുട്ടികൾ ഓരോ സംഖ്യ കാർഡുകൾ അധ്യാപികയുടെ സഹായത്തോടെ ആരോഹണ ക്രമത്തിൽ ഒട്ടിക്കുന്നു | 2/ക്ലാസ്സധ്യാപകർ |
| 6 | ആഗസ്റ്റ് | സംഖ്യാറിബൺ | കുട്ടികൾ സ്ലൈഡറിൽ നിന്ന് ഇറങ്ങുന്നതിനനുസരിച്ച് സംഖ്യകളെ സംഖ്യാ റിബണിൽ ക്രമീകരിക്കുന്നു | 1/ക്ലാസ്സധ്യാപകർ |
| 7 | സെപ്റ്റംബർ | ഒറ്റയോ ഇരട്ടയോ | അധ്യാപിക വളപ്പൊട്ടുകൾ നിശ്ചയണം എടുത്ത് കുട്ടികൾക്ക് നൽകുന്നു കുട്ടികളെ എണ്ണണമെന്ന് എണ്ണി നോക്കുന്നു അവയെ ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകളുമായി ക്രമീകരിക്കുന്നു | 1/ക്ലാസ്സധ്യാപകർ |
| 8 | ഒക്ടോബർ | പാമ്പും കോണിയും | കുട്ടികൾ പാമ്പും കോണിയും കളി ബോർഡും ഡൈസും ഉപയോഗിച്ച് കളിക്കുന്നു. ഡൈ സ് ഇടുമ്പോൾ കിട്ടിയ സംഖ്യ കൂട്ടി നോക്കി കരു നീക്കുന്നു. വിജയിയെ കണ്ടെത്തുന്നു | 1/ക്ലാസ്സധ്യാപകർ |
| 9 | നവംബർ | ഡൈസ് കളി | കുട്ടികൾ വട്ടത്തിൽ ഇരിക്കുന്നു. നടുവിൽ സംഖ്യ കാർഡുകൾ വയ്ക്കുന്നു. ഓരോ കുട്ടിയും ഡൈസ് ഇടുന്നു. എണ്ണി നോക്കി ആ സംഖ്യയുടെ സംഖ്യ കാർഡ് എടുക്കുന്നു. അങ്ങനെ 5 റൗണ്ട് കളിക്കുന്നു. പോയിന്റുകൾ കൂട്ടി നോക്കി വിജയിയെ കണ്ടെത്തുന്നു | 4/ക്ലാസ്സധ്യാപകർ |
| 10 | ഡിസംബർ | അബാക്കസ് കളി | കുട്ടികൾ ഗ്രൂപ്പായി ഇരിക്കുന്നു. നടുവിൽ സംഖ്യ കാർഡുകൾ വെക്കുന്നു. കുട്ടികൾ കണ്ണടച്ച് അതിൽനിന്നും ഓരോ സംഖ്യ കാർഡുകൾഎടുക്കുന്നു. അവരവർക്ക് കിട്ടിയ സംഖ്യ അബാക്കസിൽ ക്രമീകരിക്കുന്നു | 3/ക്ലാസ്സധ്യാപകർ |
| 11 | ജനുവരി | ഗണിതകേളി കടയിൽ പോകാം | കുട്ടികൾ നിശ്ചിത എണ്ണം സാധനങ്ങൾ കൊണ്ടു വരുന്നു. ക്ലാസിൽ കട ഒരുക്കുന്നു. സാധനങ്ങളുടെ വില വിവരപ്പട്ടിക ചാർട്ടിൽ തയ്യാറാക്കി തൂക്കിയിടുന്നു. | 2/ക്ലാസ്സധ്യാപകർ |

| | | | | |
|---|---|---|---|---|
| | | | കുട്ടികൾ രണ്ടു സെറ്റ് സാധനങ്ങൾ എടുക്കുന്ന വിലവിവരപ്പട്ടിക നോക്കി സങ്കലിനക്രിയ ചെയ്യുന്ന കളി നോട്ടുകളും നാണയങ്ങളും ഉപയോഗിച്ച് അവരുടെ തുക എണ്ണിയെടുത്ത് കടയിൽ നൽകുന്നു | |
| 12 | ഫെബ്രുവരി | വളപ്പൊട്ടുകളി കൂട്ടമാക്കാം | കുട്ടികൾ ഗ്രൂപ്പായി ഇരിക്കുന്നു ഓരോരുത്തർക്കും 1,2,3,4,5,6,7,8,9,10 എന്നീ ക്രമത്തിൽ ഗ്ലാസ്സുകൾ നൽകുന്നു.രണ്ടു വീതം വളപ്പൊട്ടുകൾ ഓരോരുത്തർക്കും കിട്ടിയ ഗ്ലാസിൽ ഇടണം.അങ്ങനെ ഗുണന വസ്തുതകൾ പഠിക്കുന്നു. ഇതുപോലെ 3,4,5,6,7,8,9,10 എന്നീ ഗുണന വസ്തുതകളും കുട്ടികൾ കണ്ടെത്തുന്നു | 3/ക്ലാസ്സധ്യാപകർ |
| 13 | ഫെബ്രുവരി | മുത്തുകൾ ഇടാം | കുട്ടികൾ വട്ടത്തിൽ ഇരിക്കുന്നു. മദ്യത്തിൽ പത്തു ബൗളുകൾ വയ്ക്കുന്നു. അധ്യാപികഹ രണക്രിയ പറയുന്നു.ഓരോ ബൗളിലും തുല്യം എണ്ണം മുത്തുകൾ ഇടുന്നു. ഇതുപോലെ എല്ലാ ക്രിയകളും കുട്ടികൾ ചെയ്യുന്നു | 3/ക്ലാസ്സധ്യാപകർ |
| 14 | മാർച്ച് | ജ്യാ മിതീയ രൂപ നിർമ്മാണം | കുട്ടികളെ ഗ്രൂപ്പുകൾ ആക്ക ന്നു.ഓരോ സെറ്റ് ജ്യാമീതീയ രൂപങ്ങൾ നൽകുന്നു.ഓരോ ഗ്രൂപ്പുകാരും വ്യത്യസ്തതരം ജ്യാ മിതീയ ചിത്രങ്ങൾ നിർമ്മിക്കുന്നു. വിജയിയെ കണ്ടെത്തുന്നു | 1/ക്ലാസ്സധ്യാപകർ |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

| ക്രമനമ്പർ | മാസം | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം/ചുമതല |
|---|---|---|---|---|
| 1 | ജൂൺ | പൂന്തോട്ടം നിർമ്മിക്കാം | പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രവർത്തകനെ പരിചയപ്പെടുത്തുന്നു. കുട്ടികൾ ശേഖരിച്ച ചെടികൾ നട്ട് പൂന്തോട്ടം വിപുലീകരിക്കുന്നു,ക്ലബ്ബ് രൂപീകരണം, | 1 വർഷം /ക്ലാസ് അധ്യാപകർ |
| 2 | ജൂലൈ | ചന്ദ്രനെ അറിയാം | ചന്ദ്രദിനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഐസിടിയുടെ സഹായത്താൽ അവതരിപ്പിക്കുന്നു. പതിപ്പുകൾ തയ്യാറാക്കുന്നു. | 1 വർഷം /ക്ലാസ് അധ്യാപകർ |
| 3 | ആഗസ്റ്റ് മുതൽസെപ്റ്റംബർ വരെ | ഓണപ്പൂക്കൾ പരിചയപ്പെടാം | ഹിരോഷിമ നാഗസാക്കി, സ്വാതന്ത്ര്യ ദിനം -ഐസിടി പ്രദർശനം. സ്വാതന്ത്രസമരസേനാനിയുമായി അഭിമുഖം. ഓണപ്പൂക്കൾ പരിചയപ്പെടുന്നു. നാട്ടുപൂക്കൾ പ്രദർശനം. അന്യം നിന്നു പോകുന്ന നാട്ടുകളികൾ കുട്ടികളെ പരിശീലിപ്പിക്കുന്നു. ഗോലികളി,കിളിമാസ്. | 1 വർഷം /ക്ലാസ് അധ്യാപകർ |
| 4 | ഒക്ടോബർ | തൊപ്പി നിർമ്മാണം | ഗാന്ധിജയന്തി വിവിധ പരിപാടികൾ ഗാന്ധി തൊപ്പി നിർമ്മാണം ഗാന്ധിചിത്രം വര ഗാന്ധി വചനങ്ങൾ എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ വായനാ മത്സരം. | 1 വർഷം .ക്ലാസ് അധ്യാപകർ |
| 5 | നവംബർ | ചിത്രം വര | ശിശുദിനം ചിത്രരചന മത്സരം കേരളപ്പിറവി ആൽബം നിർമ്മിക്കുന്നു | 1 വർഷം .ക്ലാസ് അധ്യാപകർ |
| 6 | ഡിസംബർ | കാർഡ് നിർമ്മാണം | ക്രിസ്തുമസ് പുതുവത്സരാശംസ കാർഡ് നിർമ്മാണം. കരോൾ ഗാനാലാപനം- ശേഖരണം പുതുവത്സര ഗാനങ്ങൾ ശേഖരണം. | 1 വർഷം .ക്ലാസ് അധ്യാപകർ |
| 7 | ജനുവരി | പരീക്ഷണം | വായുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ | 1 വർഷം .ക്ലാസ് അധ്യാപകർ |
| 8 | ഫെബ്രുവരി | ശാസ്ത്രജ്ഞരെ പരിചയപ്പെടാം | ശാസ്ത്രദിനവുമായി ബന്ധപ്പെട്ട ശാസ്ത്ര കഥകൾ പരിചയപ്പെടുത്തുന്നു ശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ് വിവിധ കണ്ടുപിടിത്തങ്ങൾ കണ്ടെത്തുന്നു ഐസിടി പ്രദർശനം | 1 വർഷം .ക്ലാസ് അധ്യാപകർ |

# UP ACADEMIC MASTER PLAN

## SOCIAL SCIEENCE

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക .(CWSNകുട്ടികൾ ഉൾപ്പെടെ | ഫീൽഡ് ട്രിപ്പ്( ശക്തൻ കൊട്ടാരം, ഹിസ്റ്റോറിക്കൽ മ്യൂസിയം). ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | JUNE-MARCH | SS Teacher |
| 2 | *ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ/ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. സ്കൂൾ പാർലമെന്റ് സംഘടിപ്പിക്കുന്നു. | JUNE-AUGUST | SS Teacher /Parents |
| 3 | രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ ബോധവാന്മാരാക്കുക( CWSN കുട്ടികൾ ഉൾപ്പെടെ) | വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ( ചൂരൽമല, പുത്തുമല, പെട്ടി മുടി )തുടങ്ങിയ പ്രകൃതിദുരന്തങ്ങളുടെ തീവ്രത ദൃശ്യങ്ങൾ കാണിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | JUNE-MARCH | SS Teacher |
| 4 | സഹജീവികളോടും അശരണരായവരോടും സമഭാവന | പ്രകൃതിദുരന്തങ്ങളിൽ ഇരകളായവർക്ക് തങ്ങളാൽ കഴിയുന്ന | JUNE -MARCH | SS Teacher |

| | | | | |
|---|---|---|---|---|
| | വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക | സഹായസഹകരണങ്ങൾ ചെയ്യാൻ അവസരം ഒരുക്കുന്നു. മിതവ്യയ ശീലം പരിശീലിക്കുന്നു. | | |
| 5 | വിവരസാങ്കേതികവിദ്യ , ലഹരി ഉപയോഗം, ക്രിമിനൽ പ്രവർത്തനങ്ങൾ, റോഡ് സുരക്ഷ എന്നിവയെ കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | സൈബർ സുരക്ഷ ഉദ്യോഗസ്ഥർ, എക്സൈസ് ഉദ്യോഗസ്ഥർ, ട്രാഫിക് പോലീസ് എന്നിവരുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | JUNE-MARCH | SRG |
| 6 | പൊതു പരീക്ഷകളിൽ മത്സരബുദ്ധിയോടെ ഏർപ്പെടാൻ സഹായിക്കുന്ന വിധത്തിൽ കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക(CWSN കുട്ടികൾ ഉൾപ്പെടെ) | അസംബ്ലിയിൽ പത്ര ക്വിസ്, ജികെ ക്വിസ് സംഘടിപ്പിക്കുന്നു. പത്ര ക്വിസ് സംഘടിപ്പിക്കുന്നു. ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു . | JUNE-MARCH | Teachers |

# മലയാളം

| NO | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനം പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. (CWSN കുട്ടികൾ ഉൾപ്പെടെ ) | കുട്ടികൾ അവരവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കുന്നു. അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു. അക്ഷര പദ കാർഡുകൾ ഉപയോഗിച്ച് പദങ്ങൾ, വാക്യങ്ങൾ നിർമ്മിക്കുന്നു . | ജൂൺ -മാർച്ച് | മലയാളം അധ്യാപകർ |
| 2 | അർത്ഥപൂർണ്ണമായ വായന ഉറപ്പു വരു ത്തുന്നു | പത്രവായന, വായന കാർഡ് ബാല മാസികകൾ എന്നിവ ഉച്ചാരണ ശുദ്ധിയോടെയും ഒഴുക്കോടെയും വായിക്കുന്നു. ക്ലാസ്സ്ലൈബ്രറി ഒരുക്കുന്നു . | ജൂൺ -മാർച്ച് | മലയാളം അധ്യാപകർ |
| 3 | പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുന്നു | അഭിമുഖം, സംവാദങ്ങൾ സംഘടിപ്പിക്കുന്നു | ജൂൺ -മാർച്ച് | മലയാളം അധ്യാപകർ |
| 4 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നു | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പരിപാടികൾ അവതരിപ്പിക്കുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു . | ജൂൺ -മാർച്ച് | മലയാളം അധ്യാപകർ |
| 5 | കുട്ടികളുടെ ആകാശവാണി | വിവിധ പരിപാടികൾ അവതരിപ്പിക്കുന്നു. സ്കൂളിലെ പ്രധാന സംഭവ ങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു . | നവംബർ | അധ്യാപകർ/ രക്ഷിതാക്കൾ |

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ--ഗണിതം (UP)</u>

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ--ജൂലൈ--ഓഗസ്റ്റ് | ഗണിത അധ്യാപകർ | |
| 2 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരുടെയും പിയർ ഗ്രൂപ്പിന്റെയും സഹായത്താൽ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകർ, പിയർ ഗ്രൂപ്പ് (ഗണിത ക്ലബ്ബ്) | |
| 3 | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല ഒരു ഗ്രാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നു | സെപ്റ്റംബർ--ഒക്ടോബ | ഗണിത ക്ലബ്ബ്, അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | തിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു, സവിശേഷതകൾ പട്ടികപ്പെടുത്തുന്നു, പ്രദർശനം നടത്തുന്നു | | | |
| 4 | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ,ഗണിത ലാബിൽ വച്ച് ഗണിത ക്ലാസ് (ക്ലബ്ബ്) പ്രവർത്തനങ്ങൾ നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ (ഗണിത ക്ലബ്ബ്) | |
| 5 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ICT സാധ്യതകൾ ജാമ്യ രൂപങ്ങൾ, ചതുഷ്കൃിയകൾ, ടാൻഗ്രാം പ്രവർത്തനങ്ങൾ മുതലായവ ICT സാധ്യതകൾ ഉപയോഗപ്പെടുത്തി | നവംബർ--ഡിസംബർ | ഗണിത അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ--ഗണിതം (UP)

| | | | | | |
|---|---|---|---|---|---|
| | | കുട്ടികളിലേക്ക് എത്തിക്കുന്ന | | | |
| 6 | ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരുടെയും ക്ലാസുകൾ നൽകി കുട്ടികളെ വിഷയത്തിലേക്ക് ആകർഷിക്കുന്ന | വർഷത്തിൽ രണ്ട് ,മൂന്ന് തവണ | ഗണിത ക്ലബ്ബ് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | യുപി(cwsn കുട്ടികൾ ഉൾപ്പെടെ) വിദ്യാർത്ഥികൾക്ക് ഹിന്ദി ഭാഷ ഇഷ്ടപ്പെടുവാനും അക്ഷരം പരിചയപ്പെടാനും അവസരം ഒരുക്കുക | സുരീലി ഹിന്ദി കവിതകളുടെയും ചെറുഹിന്ദി കഥകളുടെയും ഹിന്ദി കാർട്ടൂണകളുടെയും ICT യുടെ സഹായത്തോടുകൂടി പ്രദർശനം | ജൂൺ | ഹിന്ദി അധ്യാപിക |
| 2 | യുപി തലത്തിലെ(cwsn കുട്ടികൾ ഉൾപ്പെടെ) എല്ലാ വിദ്യാർത്ഥികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുകയും അതുവഴി പദങ്ങളുടെയും ആശയങ്ങളുടെയും സ്വാംശീകരണം ഉറപ്പാക്കൽ | അക്ഷര കാർഡുകൾ, ചെറിയ വാക്കുകൾ എഴുതിയകാർഡുകൾ, പദനിർമ്മാണപ്രവർത്തനങ്ങൾ.ഐസിടി സാധ്യതകൾ | ജൂലൈ | ഹിന്ദി അധ്യാപിക |
| 3 | ഹിന്ദി ലിപി (എഴുത്ത്)ഉറപ്പിക്കൽ | ചിത്രങ്ങളും അക്ഷരങ്ങളുംഉൾക്കൊള്ളുന്നപ്രവർത്തനങ്ങൾ ,ചെറിയ പദങ്ങളുംവാക്യങ്ങളും പൂർത്തീകരിക്കാനുള്ള പ്രവർത്തന ഷീറ്റുകൾ | ആഗസ്റ്റ് | ഹിന്ദി അധ്യാപിക |
| 4 | തെറ്റ് കൂടാതെ ഹിന്ദിവായിക്കാനുള്ള കഴിവ് ആർജിക്കിൽ | ചിത്രങ്ങൾ ഉള്ളതും വലിയഅക്ഷരത്തിൽ ഉള്ളതുമായചെറിയ കഥകൾ വായിച്ചു കൊടുക്കുകയും നിരന്തരം കുട്ടികൾക്ക് വായിക്കാൻ നൽകുകയും ചെയ്യുന്ന, ഹിന്ദി ലൈബ്രറി ഒരുക്കുന്നു | സെപ്റ്റംബർ | ഹിന്ദി അധ്യാപിക |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

| | | | | |
|---|---|---|---|---|
| 5 | ഹിന്ദി ഭാഷാ പഠന ലക്ഷ്യ പുരോഗതിക്കായിഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുക | ഹിന്ദി അസംബ്ലി, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട്ഹിന്ദി പോസ്റ്റർ തയ്യാറാക്കൽ,വിദ്യാലയത്തിൽഹിന്ദി सूचना पट തയ്യാറാക്കൽ,CWSN കുട്ടികൾക്കായി ചിത്രങ്ങളും വലിയ അക്ഷരങ്ങളിൽഅവയുടെ പേരുകളും ........ | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപിക,URC |
| 6 | ഹിന്ദി നിത്യജീവിതത്തിൽ | വിദ്യാലയത്തിലും വീട്ടുപരിസരത്തുംകാണുന്നവസ്തുക്കളുടെഹിന്ദി പദം പരിചയപ്പെടലുംഅവയുടെ ചാർട്ടുകൾ നിർമ്മിക്കൽ ആഴ്ച മാസംതുടങ്ങിയ ചെറിയ കാര്യങ്ങളുടെ ഹിന്ദി ചാർട്ടുകൾ | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപിക PTA |
| 7 | | സുരീലി ഹിന്ദി പ്രവർത്തനങ്ങൾ,ഹിന്ദി അസംബ്ലി ,ഹിന്ദി ക്ലബ്ബ്, ചിത്രം അടിക്കുറിപ്പ് തയ്യാറാക്കൽ, ചിത്രം കഥ പറയൽ ,ചിത്രം കഥ എഴുതൽ, വായന സാമഗ്രികൾ,Ecube Hindi Language Lab,പാഠഭാഗങ്ങളുമായ ി ബന്ധപ്പെട്ട് നൃത്ത-നാടക അവതരണം സ്പോക്കൺ ഹിന്ദി ക്ലാസ് | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപിക URC ,PTA |

# അടിസ്ഥാന ശാസ്ത്രംUP

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി ജൈവവൈവിധ്യ പാർക്ക്:<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോ ദ്യാനം, കുളം,ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ,എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br>പരീക്ഷണ കളരി:<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണക്കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമി വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്,സയൻസ് ക്ലബ്ബ്,ഹെൽത്ത് ക്ലബ്ബ്, | PTA |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈൻഡ്:<br>ഊർജ്ജ ക്ലബ്ബ് ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>എക്സ്പോ_ എക്സ്പ്ലോർ:-<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>ശാസ്ത്ര വിസ്മയ ചുമർ :-<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br><br>മുഖാമുഖം :-<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്രവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br><br>യുറേക്കാ :- | അക്കാദമി വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്,സയൻസ് ക്ലബ്ബ്,ഹെൽത്ത് ക്ലബ്ബ്, | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | കുട്ടികളിൽ ശാസ്ത്രബോധം വർദ്ധി പ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | | | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതി കവിദ്യയുടെ സാധ്യതകളുമായ ി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടു ത്തുക | വിസ്മയ യാത്ര:-<br><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രതത്വങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദ മി വർഷം | ശാസ്ത്ര അധ്യാപകർ | |
| പ്രതിഭാശാലികള ായ വിദ്യാർത്ഥികളി ൽ ഗവേഷണം ഉത്സവത വർധിപ്പിക്കൽ | Atal Tinkering lab ഉപയോഗപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Futterine പോലെയുള്ള മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ചു കൊടുക്കുന്നു.<br>ഇലക്ട്രോണിക്സ്, റോബോട്ടിക്സ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദ മി വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്,സയൻ സ് ക്ലബ്ബ്,ഹെൽ ത്ത് ക്ലബ്ബ്, | |

# UP ENGLISH

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും,അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend your ear:<br>ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് കേൾപ്പിക്കുന്നു.ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരം നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br><br>*Follow me if you can:-<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br><br>Breaking News:-<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു.<br>Missing man:-<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു.<br>Treasure Hunt:-<br>വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്നറകളാക്കുന്നു ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണിക്കുന്നു.മറ്റു കുട്ടികൾ തിരിച്ചറിയുന്നു.പോയിന്റ് നൽകുന്നു.<br>*Meet the foreigner:-<br>തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു.<br>One man show:-<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാനയത്തിന് | ജൂലൈ<br><br>ജൂൺ<br><br>നവംബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | പ്രോത്സാഹനം നൽകുന്നു. | ജൂൺ<br><br>ആഗസ്റ്റ്<br><br>വർഷത്തിൽ ഒരുതവണ<br><br>ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| ഭാവനാത്മക വായന പരിശീലിപ്പിക്കുന്നു.V | Too I can:-<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായനക്കാട്ടുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു.<br>Learning ladder:-<br>പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുപ്പ് കുറച്ചു വാക്കുകൾ എഴുതി കണ്ണാടിയിൽ നിന്നും വഹിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.<br>FM corner:-<br>വ്യത്യസ്തമായ കഥകൾ റേഡിയോ നാടക രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു.<br><br>Reader of the month:-<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി റീഡർ ഓഫ് ദ month ആദരിക്കുന്നു | സെപ്റ്റംബർ<br><br>ടെമിൽ ഒരു തവണ<br><br>മാസംതോറും | ഇംഗ്ലീഷ് അധ്യാപകൻ, | ഇംഗ്ലീഷ് ക്ലബ്ബ് |
| തെറ്റുകൂടെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets:-<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൽ തയ്യാറാക്കുന്നു<br>Alert zone :-<br>സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസ് എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു.<br>റൺ ബേബി run:- | വർഷാവസാനം<br><br>ദിനാചരണങ്ങള | ഇംഗ്ലീഷ് അധ്യാപകൻ, | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ക്ലാസിലെ ഗ്രൂപ്പുകൾ ആക്കുന്ന ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്ന ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു<br>Fun time funda:-<br>കടംകഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കിയ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ിൽ<br>ഫെബ്രുവരി<br>എല്ലാ ഇംഗ്ലീഷ് പിരീdum | | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസ ം ഉയർത്തുന്നു | The grand camp:-<br>ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു 5 6 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം നൽകുന്നു കഥ പറയൽ, റോൾ പ്ലേ,ഡ്രാമ, കഥയെഴുത്ത്, പ്രസംഗം, ക്യാമ്പിന്റെ അവസാനം ഡോക്യുമെന്ററി. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ, പിടിഎ ഭാരവാഹികൾ, രക്ഷിതാക്കൾ. | ഇംഗ്ലീഷ് ക്ലബ്ബ് |

# ഉപസംഹാരം

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ വിദ്യാലയവും ലക്ഷ്യം വയ്ക്കുന്നത്.എഴുത്ത് ,വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നിവ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് മാസ്റ്റർ പ്ലാൻ

പ്രവർത്തനങ്ങളിലൂടെ വേണ്ടത്.പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള ഈ മാസ്റ്റർ പ്ലാനിലൂടെ നമ്മുടെ സ്കൂളിലെ മുഴുവൻ കുട്ടികളിലും കുട്ടികളിലും പ്രകടമായ മാറ്റം ഞങ്ങൾ പ്രതീക്ഷിക്കുന്ന കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്ന